# ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം

# NATIONAL BULLETIN

**DATE: 28.11.2024** **TIME : 12.50 PM**

## പ്രധാന വാർത്തകൾ

1. രാജ്യാതിർത്തിയും പ്രദേശിക സമഗ്രതയും സംരക്ഷിക്കുന്നതിൽ ഇന്ത്യൻ സായുധ സേനയുടെ പങ്ക് വളരെ വലുതാണെന്ന് രാഷ്ട്രപതി ദ്രൗപദി മുർമു.

   **President Droupadi Murmu said that the determination of Indian armed forces to serve the country is commendable. The President was addressing the faculties and students of Defence Sevices Staff College, Wellington**

2. പ്രതിപക്ഷ പ്രതിഷേധത്തെ തുടർന്ന് പാർലമെന്റിന്റെ ഇരു സഭകളും ഇന്നത്തേക്ക് പിരിഞ്ഞു. വയനാട് എംപിയായി പ്രിയങ്കാ ഗാന്ധി സത്യപ്രതിജ്ഞ ചെയ്തു.

   **Both the House of Parliament have been adjourned for the day following opposition's ruckus over various issues including alleged bribery charges against a prominent business group. Congress leader Priyanka Gandhi Vadra took oath as the Member of Parliament in Lok Sabha.**

3. ഝാർഖണ്ഡ് മുഖ്യമന്ത്രിയായി ജെ.എം.എം നേതാവ് ഹേമന്ദ് സോറെൻ ഇന്ന് സത്യപ്രതിജ്ഞ ചെയ്യും. മഹാരാഷ്ട്രയിൽ സർക്കാർ രൂപീകരണ ചർച്ചകൾ അന്തിമഘട്ടത്തിൽ.

   **In Jharkhand, JMM leader Hemant Soren will take oath as Chief Minister of Jharkhand today. Government formation discussions in final phase in Maharashtra.**

4. ആലപ്പുഴ കടപ്പുറം വനിതാ ശിശു ആശുപത്രിയിൽ നവജാത ശിശുവിന് വൈകല്യമുണ്ടായ സംഭവത്തിൽ നാല് ഡോക്ടർമാർക്കെതിരെ കേസെടുത്തു.

**Police registerd case against four doctors in Alapuzha on a complaint regarding the birth of a newborn with genetic disorders.**

5. 55-മത് ഗോവ രാജ്യന്തര ചലച്ചിത്രമേളയ്ക്ക് ഇന്ന് സമാപനം.

**The 55th International Film Festival of India has reached its final day, with this evening set to mark the grand conclusion of the event.**

6. ഐ എസ് എൽ ഫുട്ബാളിൽ ഇന്ന് കേരള ബ്ലാസ്റ്റേഴ്സ്, എഫ് സി ഗോവയെ നേരിടും.

**In ISL, Kerala Blasters will take on FC Goa today.**

# HEADLIE-1

## PRESIDENT

രാജ്യാതിർത്തിയും പ്രദേശിക സമഗ്രതയും സംരക്ഷിക്കുന്നതിൽ ഇന്ത്യൻ സായുധ സേന വഹിക്കുന്ന പങ്ക് വളരെ വലുതാണെന്ന് രാഷ്ട്രപതി ദ്രൗപദി മുർമു. ഊട്ടിയിലെ വെല്ലിംഗ്ടൺ പ്രതിരോധ സേനാ സ്റ്റാഫ് കോളേജിൽ നടന്ന പരിപാടിയെ അഭിസംബോധന ചെയ്യുകയായിരുന്നു രാഷ്ട്രപതി. മൂന്ന് സേനകളിലും വനിതാ പ്രാതിനിധ്യം വർദ്ധിക്കുന്നതിൽ സന്തോഷമുണ്ടെന്നും രാഷ്ട്രപതി പറഞ്ഞു. എല്ലാ മേഖലകളിലും വനിതകളുടെ സാന്നിധ്യം വർദ്ധിക്കുന്നത് പുതു തലമുറയ്ക്ക് പ്രചോദനമാകുമെന്നും ശ്രീമതി മുർമു അഭിപ്രായപ്പെട്ടു. തമിഴ്നാട് സന്ദർശനം തുടരുന്ന രാഷ്ട്രപതി നാളെ നീലഗിരിയിൽ ഗോത്രവിഭാഗങ്ങളുമായി സംവദിക്കും.

# HEADLIE-2

## PAR-ADJOURNED

പ്രതിപക്ഷ പ്രതിഷേധത്തെ തുടർന്ന് പാർലമെന്റിന്റെ ഇരു സഭകളും ഇന്നത്തേക്ക് പിരിഞ്ഞു. ഒരു പ്രമുഖ വ്യവസായ ഗ്രൂപ്പിനെതിരായ കൈക്കൂലി ആരോപണം ഉയർത്തിയാണ് കോൺഗ്രസ്, സമാജ് വാദി പാർട്ടി, ഡി.എം.കെ ഉൾപ്പെടെയുള്ള പ്രതിപക്ഷ പാർട്ടികൾ സഭയിൽ പ്രതിഷേധം ഉയർത്തിയത്. മുദ്രാവാക്യമുയർത്തി ലോക്സഭയുടെ നടുത്തളത്തിലിറങ്ങി പ്രതിഷേധിച്ച എംപിമാരോട്, സ്പീക്കർ ഓം ബിർള സീറ്റുകളിലേക്ക് മടങ്ങാൻ ആവശ്യപ്പെട്ടെങ്കിലും അംഗങ്ങൾ വഴങ്ങിയില്ല. ബഹളത്തിനിടെ ചോദ്യോത്തരവേള മുന്നോട്ട് കൊണ്ടുപോകാൻ സ്പീക്കർ ശ്രമിച്ചെങ്കിലും, ഇത് സാധിക്കാതെ വന്നതിനെ തുടർന്ന് സഭ 12 മണി വരെ നിർത്തിവയ്ക്കുകയായിരുന്നു. രാജ്യസഭയിലും സമാനമായ സംഭവങ്ങളാണ് അരങ്ങേറിയത്. കൈക്കൂലി ആരോപണത്തെക്കുറിച്ച് റൂൾ 267 പ്രകാരം ചർച്ച ചെയ്യണമെന്ന് കോൺഗ്രസ് എംപി പ്രമോദ് തിവാരി ആവശ്യപ്പെട്ടെങ്കിലും രാജ്യസഭാ അധ്യക്ഷൻ ജഗ്ദീപ് ധൻകർ ഇതിന് വഴങ്ങിയില്ല. തുടർന്ന് സഭാനടപടികൾ നിർത്തിവയ്ക്കുകയായിരുന്നു. ഇരു

സഭകളും 12 മണിക്ക് വീണ്ടും ചേർന്നെങ്കിലും പ്രതിപക്ഷം ബഹളം തുടർന്നതിനാൽ ഇന്നത്തേക്ക് പിരിയുകയായിരുന്നു.

**PARLIAMENT JOSHI intro**

ലോക്സഭയും രാജ്യസഭയും തടസ്സപ്പെടുത്തിയ പ്രതിപക്ഷ നടപടിയെ ചോദ്യം ചെയ്ത് കേന്ദ്രമന്ത്രി പ്രൾഹാദ് ജോഷി. സ്പീക്കറും ചെയർമാനും അനുവദിക്കുന്ന വിഷയങ്ങളിൽ സർക്കാർ ചർച്ചയ്ക്ക് തയ്യാറാണെന്ന് പാർലമെന്റ് സമുച്ചയത്തിൽ മാധ്യമങ്ങളോട് സംസാരിക്കവെ അദ്ദേഹം വ്യക്തമാക്കി.

(ഹോൾഡ്)

## HEADLIE-2A

***PRIYANKA GANDHI OATH (INTRO)***

*വയനാട് എം. പി.യായി പ്രിയങ്ക ഗാന്ധി സത്യപ്രതിജ്ഞ ചെയ്തു. ഭരണഘടന ഉയർത്തിപ്പിടിച്ചായിരുന്നു സത്യപ്രതിജ്ഞ. ലോക്സഭാ പ്രതിപക്ഷ നേതാവ് രാഹുൽ ഗാന്ധിക്കും, മുതിർന്ന കോൺഗ്രസ് നേതാവ് സോണിയ ഗാന്ധിക്കും ഒപ്പമാണ് പ്രിയങ്ക സത്യപ്രതിജ്ഞയ്ക്ക് എത്തിയത്.*

*(ഹോൾഡ് വോയ്സ്..........)*

*വയനാട് ലോക്സഭാ ഉപതിരഞ്ഞെടുപ്പിൽ നാല് ലക്ഷത്തി 10,000 ലേറെ വോട്ടിന്റെ ഭൂരിപക്ഷത്തിലാണ് പ്രിയങ്കാ ഗാന്ധി വിജയിച്ചത്. മഹാരാഷ്ട്രയിലെ നന്ദേഡ് നിന്നും തിരഞ്ഞെടുക്കപ്പെട്ട ചവാൻ രവീന്ദ്ര വസന്ത് റാവുവും ഇന്ന് സത്യപ്രതിജ്ഞ ചെയ്തു.*

## HEADLIE-3

**HEMANT-SWEARING IN**

ഝാർഖണ്ഡിൽ, ജെ.എം.എം നേതാവ് ഹേമന്ദ് സോറെൻ ഇന്ന് മുഖ്യമന്ത്രിയായി സത്യപ്രതിജ്ഞ ചെയ്യും. വൈകുന്നേരം 4 മണിക്ക് റാഞ്ചിയിൽ നടക്കുന്ന ചടങ്ങിൽ ഗവർണർ സന്തോഷ് കുമാർ ഗാംഗ്‌വാർ സത്യവാചകം ചൊല്ലിക്കൊടുക്കും. 81-അംഗ നിയമസഭയിൽ 56 സീറ്റിൽ വിജയം നേടിയാണ് ഹേമന്ദ് സോറെൻ തുടർഭരണം ഉറപ്പിച്ചത്. നാലാം തവണയാണ് അദ്ദേഹം ഝാർഖണ്ഡ് മുഖ്യമന്ത്രി പദത്തിൽ എത്തുന്നത്. കോൺഗ്രസ് അധ്യക്ഷൻ മല്ലികാർജുൻ ഖർഗേ, ലോക്സഭാ പ്രതിപക്ഷ നേതാവ് രാഹുൽ ഗാന്ധി, മമതാ ബാനർജി, അരവിന്ദ് കെജ്‌രിവാൾ, അഖിലേഷ് യാദവ് തുടങ്ങിയ നേതാക്കൾ സത്യപ്രതിജ്ഞാ ചടങ്ങിൽ പങ്കെടുക്കും. മഹാരാഷ്ട്രയിലും സർക്കാർ രൂപീകരണത്തിനുള്ള ചർച്ചകൾ അന്തിമഘട്ടത്തിലാണ്. സർക്കാർ രൂപീകരണ ചർച്ചകൾക്കായി ശിവസേന നേതാവ് ഏകനാഥ് ഷിൻഡെ, ബിജെപി നേതാവ് ദേവേന്ദ്ര ഫഡ്നാവിസ്, എൻ.സി.പി നേതാവ് അജിത് പവാർ എന്നിവർ ഇന്ന് ന്യൂഡൽഹിയിലെത്തും.

**<u>ബ്രേക്ക്</u>**

ഈ വാർത്തകൾ ആകാശവാണിയിൽ നിന്ന്......

***<u>VIZHINJAM (INTRO)</u>***

***<u>വിഴിഞ്ഞം തുറമുഖ പദ്ധതിയുടെ നിർമ്മാണവുമായി ബന്ധപ്പെട്ട് സപ്ലിമെൻ്ററി കരാർ ഒപ്പു വച്ചതായി മന്ത്രി വി എൻ വാസവൻ. പുതിയ കരാർ അനുസരിച്ച് വിഴിഞ്ഞം തുറമുഖത്തിന്റെ 2,3,4 ഘട്ടങ്ങൾ 2028 ഓടെ കമ്മീഷൻ ചെയ്യത്തക്ക വിധത്തിൽ നിർമ്മാണം പൂർത്തിയാക്കുമെന്നും മന്ത്രി തിരുവനന്തപുരത്ത് വാർത്താ സമ്മേളനത്തിൽ അറിയിച്ചു. (ഹോൾഡ് വോയ്സ്...........)</u>***

## <u>HEADLIE-4</u>

**<u>NEWBORN BABY DISABILITY</u>**

ആലപ്പുഴ കടപ്പുറം വനിതാ ശിശു ആശുപത്രിയിൽ നവജാത ശിശുവിന് വൈകല്യമുണ്ടായ സംഭവത്തിൽ നാല് ഡോക്ടർമാർക്കെതിരെ കേസെടുത്തു. ആശുപത്രിയിലെ ഗൈനക്കോളജിസ്റ്റ്മാർക്കും, സ്വകാര്യ ലാബിലെ രണ്ട് ഡോക്ടർമാർക്കുമെതിരെയാണ് ആലപ്പുഴ സ്വദേശികളായ ദമ്പതികളുടെ പരാതിയിൽ പോലീസ് കേസെടുത്തത്. ഗുരുതര വൈകല്യങ്ങളാണ് നവജാത ശിശുവിന് ഉള്ളത്. ഗർഭകാലത്ത് പലതവണ സ്കാനിംഗ് നടത്തിയെങ്കിലും ഡോക്ടർമാർ വൈകല്യം തിരിച്ചറിഞ്ഞില്ലെന്നാണ് പരാതി. കുട്ടിയുടെ കുടുംബം മുഖ്യമന്ത്രിക്കും പരാതി നൽകിയിട്ടുണ്ട്. സംഭവത്തിൽ ആരോഗ്യ വകുപ്പ് അഡീഷണൽ ഡയറക്ടറുടെ നേതൃത്വത്തിലുള്ള പ്രത്യേക സംഘം അന്വേഷണം നടത്തുമെന്ന് മന്ത്രി വീണാ ജോർജ് അറിയിച്ചു. കുറ്റക്കാർക്കെതിരെ കർശന നടപടി സ്വീകരിക്കുമെന്നും മന്ത്രി വ്യക്തമാക്കി.

## KN BALAGOPAL

അനധികൃതമായി ക്ഷേമപെൻഷൻ വാങ്ങിയ സർക്കാർ ഉദ്യോഗസ്ഥർക്കെതിരെ നിയമ നടപടി സ്വീകരിക്കുമെന്ന് മന്ത്രി കെ.എൻ ബാലഗോപാൽ. ക്ഷേമപെൻഷനുകൾ അർഹതപ്പെട്ടവർക്ക് ഉള്ളതാണെന്നും ഉദ്യോഗസ്ഥർ അനധികൃതമായി കൈപ്പറ്റിയ പെൻഷൻ തുക പലിശയടക്കം തിരിച്ചുപിടിക്കുമെന്നും മന്ത്രി മാധ്യമപ്രവർത്തകരോട് പറഞ്ഞു. ക്ഷേമപെൻഷന് അവകാശമുണ്ടെന്ന് സാക്ഷ്യപ്പെടുത്തുന്ന തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളിലെ ഉദ്യോഗസ്ഥർക്കെതിരെയും നടപടി ഉണ്ടാകും.

## PANGODE – CENTRAL SCHOOL

പാങ്ങോട് പിഎം ശ്രീ കേന്ദ്രീയ വിദ്യാലയത്തിന്റെ നാല്പത്തിയേഴാമത് വാർഷിക ദിനാഘോഷം ശനിയാഴ്ച നടക്കും. പാങ്ങോട് കരിയപ്പ ഓഡിറ്റോറിയത്തിൽ നടക്കുന്ന ചടങ്ങിൽ പാങ്ങോട് മിലിറ്ററി സ്റ്റേഷൻ കമാൻഡർ ബ്രിഗേഡിയർ സലിൽ എം പി മുഖ്യാതിഥിയാകും.

## HEADLIE-5

## IFFI

55-ാമത് ഗോവ രാജ്യന്തര ചലച്ചിത്രമേളയ്ക്ക് ഇന്ന് സമാപനം. വർണാഭമായ സമാപനച്ചടങ്ങ് ശ്യാമപ്രസാദ് മുഖർജി ഇൻഡോർ സ്റ്റേഡിയത്തിൽ ഇന്ന് വൈകുന്നേരം നടക്കും. മികച്ച ചിത്രത്തിനുള്ള സുവർണ മയൂരം ഉൾപ്പെടെയുള്ള പുരസ്കാരങ്ങൾ ചടങ്ങിൽ വിതരണം ചെയ്യും. വിവിധ രാജ്യങ്ങളിൽ നിന്നായി 180-ഓളം ചിത്രങ്ങളാണ് ചലച്ചിത്രമേളയിൽ പ്രദർശിപ്പിച്ചത്.

# HEADLIE-6

## I S L

ഐ എസ് എൽ ഫുട്ബാളിൽ ഇന്ന് കേരള ബ്ലാസ്റ്റേഴ്സ്, എഫ് സി ഗോവയെ നേരിടും. കൊച്ചിയിൽ വൈകിട്ട് 7.30-നാണ് മത്സരം.

## HOCKEY-JN ASIA CUP

ഒമാനിലെ മസ്കറ്റിൽ പുരോഗമിക്കുന്ന ജൂനിയർ ഏഷ്യാ കപ്പ് പുരുഷ ഹോക്കിയിൽ ഇന്ന് നടക്കുന്ന രണ്ടാം മത്സരത്തിൽ ഇന്ത്യ ജപ്പാനെ നേരിടും. ഇന്നലെ നടന്ന മത്സരത്തിൽ എതിരില്ലാത്ത 11 ഗോളിന് ഇന്ത്യ തായ്‌ലൻഡിനെ പരാജയപ്പെടുത്തിയിരുന്നു.

## Cyclonic storm Fengal

തെക്കുപടിഞ്ഞാറൻ ബംഗാൾ ഉൾക്കടലിൽ രൂപപ്പെട്ട ന്യൂനമർദം അടുത്ത 12 മണിക്കൂറിനുള്ളിൽ ഫെംഗൽ ചുഴലിക്കാറ്റായി മാറുമെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ്. ശനിയാഴ്ച രാവിലെയോടെ ചുഴലിക്കാറ്റ് കാരയ്ക്കലിനും മഹാബലിപുരത്തിനും ഇടയിൽ വടക്കൻ തമിഴ്നാട് - പുതുച്ചേരി തീരത്ത് എത്തുമെന്ന് കാലാവസ്ഥാ വിഭാഗം അറിയിച്ചു.

## ISRAEL-ICC APPEAL

ഇസ്രയേൽ പ്രധാനമന്ത്രി ബെഞ്ചമിൻ നെതന്യാഹുവിനും, പ്രതിരോധ മന്ത്രിക്കുമെതിരായ അറസ്റ്റ് വാറണ്ടിനെതിരെ അന്താരാഷ്ട്ര ക്രിമിനൽ കോടതിയിൽ അപ്പീൽ നൽകി ഇസ്രയേൽ. ഗസാ യുദ്ധത്തിൻറെ പശ്ചാത്തലത്തിൽ യുദ്ധ കുറ്റകൃത്യങ്ങളും, മനുഷ്യാവകാശ ലംഘനവും ചൂണ്ടിക്കാട്ടിയാണ് ഐ.സി.സി അറസ്റ്റ് വാറണ്ട് പുറപ്പെടുവിച്ചത്. വാറണ്ടിനെ അമേരിക്കയും ഫ്രാൻസും എതിർത്തപ്പോൾ യുകെയും കാനഡയും പിന്താങ്ങുകയായിരുന്നു. ഇസ്രയേൽ അന്താരാഷ്ട്ര ക്രിമിനൽ കോടതിയിൽ അംഗമല്ലാത്ത പശ്ചാത്തലത്തിൽ ബെഞ്ചമിൻ നെതന്യാഹുവിനെ അറസ്റ്റ് ചെയ്യാൻ സാധിക്കില്ലെന്നാണ് ഫ്രഞ്ച് സർക്കാരിൻറെ നിലപാട്.

## JAPAN-ADB PRESIDENT ELECTED

ഏഷ്യൻ വികസന ബാങ്കിൻറെ 11-ാമത് പ്രസിഡൻറായി മസാറ്റോ കാണ്ഡയെ തിരഞ്ഞെടുത്തു. അടുത്ത ഫെബ്രുവരിയിൽ അദ്ദേഹം സ്ഥാനമേൽക്കും. ജപ്പാൻ പ്രധാനമന്ത്രിയുടെ പ്രത്യേക ഉപദേഷ്ടാവാണ് മസാറ്റോ കാണ്ഡ.

## GOYAL - PRESS CONFERENCE

വാണിജ്യം, ഗവേഷണം, നിക്ഷേപം എന്നിവയിൽ ഇന്ത്യ അന്താരാഷ്ട്ര ശ്രദ്ധ നേടുന്നതായി കേന്ദ്രമന്ത്രി പീയൂഷ് ഗോയൽ. ഡിജിറ്റൽ ഇന്ത്യ ക്യാമ്പയിൽ രാജ്യത്ത് വിപ്ലവകരമായ വളർച്ച കൊണ്ടുവന്നതായും നിർമ്മിത ബുദ്ധി ഉൾപ്പെടെയുള്ള മേഖലകളിൽ ഇത് പ്രതിഫലിക്കുന്നതായും കേന്ദ്രമന്ത്രി ന്യൂഡൽഹിയിൽ വാർത്താസമ്മേളനത്തിൽ പറഞ്ഞു. .

## ED CYBER CRIME

സൈബർ കുറ്റകൃത്യ സംഘവുമായി ബന്ധമുള്ള രാജ്യത്തെ ചാർട്ടേഡ് അക്കൗണ്ടന്റുമാരെക്കുറിച്ചുള്ള അന്വേഷണത്തിന്റെ ഭാഗമായി

എൻഫോഴ്‌സ്‌മെന്റ് ഡയറക്ടറേറ്റ് തിരച്ചിൽ ഊർജ്ജിതമാക്കി . ഫിഷിംഗ് തട്ടിപ്പുകൾ, ക്യുആർ കോഡ് തട്ടിപ്പ്, പാർട്ട് ടൈം ജോലി തട്ടിപ്പ് തുടങ്ങി ആയിരക്കണക്കിന് സൈബർ കുറ്റകൃത്യങ്ങൾ രാജ്യത്തുടനീളം റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുണ്ട് . ഇന്ത്യൻ സൈബർ ക്രൈം കോർഡിനേഷൻ സെന്റർ, ഫിനാൻഷ്യൽ ഇന്റലിജൻസ് യൂണിറ്റ് എന്നിവയുടെ സഹായത്തോടെ നടത്തിയ വിശകലനത്തിൽ 15,000 വ്യാജ അക്കൗണ്ടുകളിലേക്ക് അനധികൃത പണം നിക്ഷേപിക്കുന്നതായും ഇത്തരം അക്കൗണ്ടുകൾക്ക് ഡെബിറ്റ്/ക്രെഡിറ്റ് കാർഡുകൾ ലഭിച്ചതായും കണ്ടെത്തി. ചാർട്ടേഡ് അക്കൗണ്ടന്റുമാരാണ് ഇതിന് പിന്നിലെന്നും അന്വേഷണത്തിൽ കണ്ടെത്തിയിരുന്നു. അതിനിടെ ഡൽഹിയിലെ ബിജ്വാസൻ മേഖലയിൽ സൈബർ ക്രൈം കേസുമായി ബന്ധപ്പെട്ട് നടത്തിയ റെയ്ഡിനിടെ എൻഫോഴ്‌സ്‌മെന്റ് ഡയറക്ടറേറ്റ് സംഘം ആക്രമിക്കപ്പെട്ടു.